ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഓണാഘോഷ പരിപാടികൾ

75 (5993) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓണക്കാലത്ത് ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളിൽ സർക്കാർ സാമ്പത്തിക സഹായത്തോടെ നടത്തുന്ന പരിപാടികൾ കേരളത്തിൽ എവിടെയെല്ലാമാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സർക്കാർ ധനസഹായത്തോടെ ടൂറിസം വകുപ്പ് തിരുവനന്തപുരം നഗരത്തിൽ 16 വേദികളിലായി സംസ്ഥാനതല ഓണാഘോഷ പരിപാടികളും ഇതുകൂടാതെ 14 ജില്ലകളിലും അതാതു ജില്ലാ ടൂറിസം പ്രൈമോഷൻ കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ വ്യത്യസ്തങ്ങളായ ഓണാഘോഷപരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. എന്നാൽ, ജില്ലകളിലെ പരിപാടികളുടെ വേദികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

പാലക്കാട് ജില്ലയിൽ ടൂറിസം വകുപ്പ്
ഏറ്റെടുത്ത റോഡുകൾ.

76 (5994) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം റോഡുകൾ ടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത റോഡുകളിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ റോഡുകൾ ഒന്നും ടൂറിസം വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുന്നില്ല.

(ബി & സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly